**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 485 **30.06.2016**-ലെ മറുപടിക്ക്

<u>പട്ടികജാതി കോളനികളുടെ വികസനം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ടി.എ. റഹീം** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി കോളനികളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ? | (എ) | പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വയം പര്യാപ്ത ഗ്രാമം പദ്ധതി, ഗാന്ധി ഗ്രാമം പദ്ധതി എന്നിവ നടപ്പിലാക്കുന്നു. കൂടാതെ വകുപ്പിന്റെ കോർപ്പസ് ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എസ്.സി.പി ഫണ്ട് എന്നിവ വിനിയോഗിച്ച് കോളനികളിൽ കുടിവെള്ളം, റോഡ്, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നു. 2008-ൽ കില നടത്തിയ സർവ്വേ റിപ്പോർട്ട് പ്രകാരം അമ്പതോ അതിലധികമോ പട്ടികജാതിക്കാർ താമസിക്കുന്ന 436 കോളനികളെ സംസ്ഥാനത്തുടനീളം കണ്ടെത്തിയിരുന്നു. ടി കോളനികളിൽ നിന്നും എം.എൽ.എ മാർ തെരഞ്ഞെടുക്കുന്ന കോളനികളിൽ പരമാവധി ഒരു കോടി രൂപ വരെ ചെലവഴിച്ച് സ്വയം പര്യാപ്ത ഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നു. സർക്കാർ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും എം.എൽ.എ / എം.പിമാർ നിർദ്ദേശിക്കുന്ന ഏജൻസികൾ മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.<br>ഓരോ കോളനിയുടെയും പ്രവൃത്തിയുടെ സുഗമമായി നടത്തിപ്പിനായി ബന്ധപ്പെട്ട എം.എൽ.എ/ എം.പി (ചെയർമാൻ), വാർഡ് മെമ്പർ, എസ്.സി പ്രമോട്ടർ, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ, ഏജൻസിയുടെ രണ്ട് പ്രതിനിധികൾ, കോളനിയിൽ നിന്നുള്ള ഒരു വനിതയും പുരുഷനും എന്നിവരടങ്ങുന്ന ഒരു പ്രാദേശിക മോണിറ്ററിംഗ് കമ്മറ്റി, അവിടെ നടത്തുന്ന വികസന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നുണ്ട്.<br>'ഗാന്ധി ഗ്രാമം' പദ്ധതി പ്രകാരം 12 കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | ടി പദ്ധതികൾ പ്രകാരം താഴെ പറയുന്ന വികസന പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.<br><br>1. കോളനിക്കുള്ളിലെ റോഡ്/ നടപ്പാത<br>2. കുടിവെള്ളം<br>3. വൈദ്യുതീകരണം<br>4. വീട് പുനരുദ്ധാരണം<br>5. കമ്മ്യൂണിറ്റി ഹാൾ / കളിസ്ഥലം<br>6. ഡ്രെയിനേജ്<br>7. മാലിന്യ സംസ്കരണം<br>8. ബയോഗ്യാസ് പ്ലാന്റ്<br>9. വരുമാനദായക പദ്ധതികൾ<br>10. വനിതകളുടെ സ്വയം സഹായ സംഘങ്ങൾ വഴിയുള്ള സൂക്ഷ്മ സംരംഭങ്ങൾ<br>11. സോളാർ തെരുവ് വിളക്ക്<br>12. റീറ്റെയിനിംഗ് വാൾ<br>13. അടുക്കളത്തോട്ടം<br>14. ശുചീകരണ പ്രവർത്തനം<br>15. ആശയവിനിമയ സൗകര്യം<br>തുടങ്ങിയ വികസന പ്രവർത്തനങ്ങൾ കോളനികളുടെ സാഹചര്യമനുസരിച്ച് നടപ്പിലാക്കി വരുന്നു. |

Rashmi

സെക്ഷൻ ഓഫീസർ